**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നം.5412** **18/11/2019-ൽ മറുപടിയ്ക്ക്**

**കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ശാസ്ത്രജ്ഞൻമാർക്ക് ഏഴാമത് ശമ്പള പരിഷ്കരണം**

| ചോദ്യം<br>ശ്രീ.എ.പി.അനിൽ കുമാർ | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | 2016 ജനുവരി മാസം മുതൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ശാസ്ത്രജ്ഞന്മാർക്ക് ലഭിക്കേണ്ട സി.എസ്.ഐ.ആർ. സ്ഥാപനങ്ങളുടേതിനു തുല്യമായ ഏഴാമത് ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | നടപ്പിലാക്കിയിട്ടില്ല; |
| (ബി) | ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിലെ കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ബി) | കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ശാസ്ത്രജ്ഞന്മാരുടെ ഏഴാമത് ശമ്പള പരിഷ്കരണം സംബന്ധിച്ച ശുപാർശ 17/09/2017 തീയതിയിൽ സർക്കാരിൽ ലഭ്യമാകുകയുണ്ടായെങ്കിലും ആയത് വ്യക്തവും അവശ്യ വിശദാംശങ്ങൾ അടങ്ങിയതു മല്ലായിരുന്നു. ആയതിനാൽ ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിശദാംശങ്ങൾ അടങ്ങിയ ശുപാർശ ആവശ്യപ്പെടുകയും, കൗൺസിൽ മെമ്പർ സെക്രട്ടറി 28/02/2019 തീയതിയിൽ ശുപാർശ സമർപ്പിയ്ക്കുകയുമുണ്ടായി. ടി ശുപാർശയിന്മേൽ കൂടുതൽ വിവരങ്ങൾ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടതനുസരിച്ച് 02/07/2019 തീയതിയിൽ കൗൺസിൽ മെമ്പർ സെക്രട്ടറി വിവരങ്ങൾ ലഭ്യമാക്കുകയുണ്ടായി. അവശ്യ വിവരങ്ങൾ ലഭ്യമാക്കി ശുപാർശ ധനകാര്യവകുപ്പ് പരിഗണിച്ചുവരികയാണ്. |
| (സി) | ഇതുമായി ബന്ധപ്പെട്ട ഫയൽ അനന്തമായി ചില ഉദ്യോഗസ്ഥരുടെ കൈയ്യിൽ തന്നെ വെച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; | (സി) | ഫയൽ നടപടികളിൽ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ശാസ്ത്രജ്ഞന്മാർക്ക് ലഭിക്കേണ്ട സി.എസ്.ഐ.ആർ. സ്ഥാപനങ്ങളുടേതിനു തുല്യമായ ഏഴാമത് ശമ്പള പരിഷ്കരണം എന്ന് നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | ശുപാർശ സർക്കാർ പരിഗണിച്ച് തീർപ്പാക്കുന്ന മുറയ്ക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കാവുന്നതാണ്. |

Sd/-

സെക്ഷൻ ഓഫീസർ